"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - ശ്രീമതി ബിന്ധു കെ ജോയിയുടെ പുനർ നിയമനവുമായി ബന്ധപ്പെട്ട് കോട്ടയം എം.എം.സി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3891/2025/GEDN തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:-

1. കോട്ടയം എം.എം.സി. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസിന്റെ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 27/01/2025-ലെ റിവിഷൻ ഹർജി.
2. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09/04/2025-ലെ ഡി.ഇ.ഒ.പി.ടി.എ/428/2025-ബി4 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11/04/2025-ലെ ഇ.റ്റി.3/5550/2025/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം എം.എം.സി. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസിന്റെ കോർപ്പറേറ്റ് മാനേജർ 27/01/2025 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം 15/04/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. 01/06/2015 മുതൽ 14/07/2022 വരെ എച്ച്.എസ്.റ്റി. (ഗണിതം) ആയി നിയമനാംഗീകാരം ലഭിച്ചിട്ടുള്ള ശ്രീമതി ബിന്ദു കെ.ജോയിക്ക്, 05/11/2024-ലെ ജി.ഒ.(എം.എസ്) നം.133/2024/പൊവിവ പ്രകാരം കെ-ടെറ്റ് പാസ്സാകുന്നതിന് 2025 മെയ് വരെ സമയം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ, 15/07/2022 മുതലുള്ള നിയമനത്തിന് അംഗീകാരവും ശമ്പളവും അനുവദിച്ച് നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

2. മാനേജരുടെയും ശ്രീമതി ബിന്ദു കെ.ജോയിയുടെയും പൊതുവായ വാദങ്ങൾ താഴെ പറയും പ്രകാരമാണ്.

i. ശ്രീമതി ബിന്ദു കെ.ജോയിയെ ചൊവ്വല്ലൂർ സെന്റ് ജോർജ് ഹൈസ്കൂളിൽ 01/06/2015 മുതൽ എച്ച്.എസ്.റ്റി. (ഗണിതം) ആയി നിയമിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തു.
ii. 2018-19 വർഷത്തെ തസ്തിക നിർണയത്തിൽ 1:45 അനുപാതത്തിൽ തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ടിയാളെ 1:40 അനുപാതത്തിൽ ടി സ്കൂളിൽ നിലനിർത്തിയിരുന്നു.
iii. ഇതിനിടെ ടിയാളെ പത്തനംതിട്ട ജില്ലയിലെ ചായലോട് സെന്റ് ജോർജ് ആശ്രമം ഹൈസ്കൂളിൽ working arrangement-ൽ നിയമിച്ചെങ്കിലും 30/11/2023-ലെ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചിരുന്നു.

iv. 2022-23-ലെ തസ്തിക നിർണയത്തിൽ 1:40 പ്രകാരം ശ്രീമതി ബിന്ദു കെ.ജോയിയെ നിലനിർത്തിയിരുന്ന തസ്തിക നഷ്ടപ്പെട്ടതിനാൽ ടിയാളെ 15/07/2022 മുതൽ പത്തനംതിട്ട ചായലോട് സെന്റ് ജോർജ് ആശ്രമം സ്കൂളിൽ പുനർവിന്യസിച്ചു.
v. എന്നാൽ, ശ്രീമതി ബിന്ദുവിന് സംരക്ഷണാനുകൂല്യമില്ലാത്ത ആളായതിനാൽ പുനർനിയമനമാണ് നൽകേണ്ടതെന്ന് 13/04/2024-ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 15/07/2022 മുതൽ ടി സ്കൂളിൽ പുനർനിയമനം നൽകി.
vi. എന്നാൽ, ടിയാൾ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും 51എ അവകാശി അല്ല എന്ന കാരണത്താലും, മതിയായ എണ്ണം കുട്ടികളില്ലാത്ത ചായലോട് സെന്റ് ജോർജ് ആശ്രമം സ്കൂളിലെ ടിയാളുടെ നിയമനം നിരസിക്കപ്പെട്ടു.
vii. കെ-ടെറ്റ് പാസാകാനുള്ള സമയപരിധി 05/11/2024-ലെ ജി.ഒ.(എം.എസ്) നം.133/2024/പൊവിവ പ്രകാരം മെയ് 2025 വരെ ദീർഘിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ 15/07/2022 മുതലുള്ള ടിയാളുടെ നിയമനം അംഗീകരിച്ചു നൽകണം.

3.വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ഇപ്രകാരമാണ്:

i. ശ്രീമതി ബിന്ദു കെ.ജോയിയുടെ സർവ്വീസ് ആരംഭിക്കുന്നത് 01/06/2015-ൽ ആണെങ്കിലും 2019-20-ൽ തസ്തിക നഷ്ടത്തെ തുടർന്ന് 1:40 അനുപാതത്തിൽ സംരക്ഷിച്ചു നിർത്തിയിരുന്നു. എന്നാൽ ടിയാൾക്ക് സംരക്ഷണത്തിന് അർഹതയില്ല.
ii. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം ലഭിക്കുന്നതിനു മുൻപുതന്നെ മാനേജർ ശ്രീമതി ബിന്ദുവിനെ മതിയായ എണ്ണം കുട്ടികളില്ലാത്ത ചായലോട് സെന്റ് ജോർജ് ആശ്രമം സ്കൂളിൽ മാറ്റി നിയമിച്ചു.
iii. 1:40 പ്രകാരം തസ്തിക നഷ്ടപ്പെടാതെ സേവനത്തിൽ തുടർന്നതിനാൽ ടിയാൾ 51എ അവകാശി അല്ല.
iv. ടിയാൾ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ 15/07/2022 മുതലുള്ള നിയമനം അംഗീകാര യോഗ്യമല്ല.
v. ജി.ഒ.(എം.എസ്) നം.83/2018/പൊവിവ തീയതി 12/06/2018 പ്രകാരം മതിയായ എണ്ണം കുട്ടികളുള്ള സ്കൂളിൽ നിന്നും മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിലേക്കുള്ള സ്ഥലംമാറ്റം അനുവദനീയമല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.
vi. 2024-25 വർഷത്തെ തസ്തിക നിർണയത്തിൽ ചായലോട് സെന്റ് ജോർജ് ആശ്രമം എച്ച്.എസ്. മതിയായ എണ്ണം കുട്ടികളുള്ള സ്കൂളാണ്.

4. സർക്കാർ ഈ വിഷയം ഹിയറിംഗ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി ബിന്ദു കെ.ജോയിക്ക് 01/06/2015 മുതൽ 14/07/2022 വരെ അംഗീകൃത സേവനമുണ്ട്. 1:40 അനുപാതത്തിൽ നിലനിന്നിരുന്ന ടിയാളെ തസ്തികനഷ്ടത്തെ തുടർന്നാണ് മതിയായ എണ്ണം കുട്ടികളില്ലാത്ത ചായലോട് സെന്റ് ജോർജ് ആശ്രമം സ്കൂളിലേക്ക് സ്ഥലംമാറ്റിയതെന്നും അതിനുശേഷം പ്രൊപ്പോസൽ സമർപ്പിച്ചുവെന്നും മാനേജർ വാദിക്കുന്നു. ഓഫീസർമാരുടെ നിർദ്ദേശം ഇല്ലാതെയാണ് ടിയാളെ ടി സ്കൂളിലേക്ക് സ്ഥലം മാറ്റിയതെന്നും, ടിയാൾ കെ-ടെറ്റ് പാസായിട്ടില്ലെന്നും 51 എ അവകാശി അല്ലെന്നും വിദ്യാഭ്യാസ ഓഫീസർമാർ വാദിക്കുന്നു.

5. ജി.ഒ.(എം.എസ്) നം.83/2018/പൊവിവ തീയതി 12/06/2018 ലെ നിർദ്ദേശം 3 പ്രകാരം മതിയായ എണ്ണം കുട്ടികളുള്ള ഒരു സ്കൂളിലും ഒഴിവില്ലാത്ത പക്ഷം തസ്തിക നഷ്ടം സംഭവിച്ച സംരക്ഷിതാധ്യാപകരെ/റിട്രഞ്ച്ഡ് അധ്യാപകരെ അതേ മാനേജ്മെന്റിനു കീഴിലുള്ള മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളിലും മാനേജർ നൽകുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. ശ്രീമതി ബിന്ദു കെ.ജോയി റഗുലർ തസ്തികയിൽ തുടർന്നുവരവേ തസ്തികനഷ്ടം സംഭവിച്ചെങ്കിലും 1:40 അനുപാതത്തിൽ 14/07/2022 വരെ എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിൽ തുടരുകയും തുടർന്ന് 15/7/2022 മുതൽ മതിയായ എണ്ണം കുട്ടികളില്ലാത്ത ചായലോട് സെന്റ് ജോർജ് ആശ്രമം സ്കൂളിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതിനാലും മാനേജ്മെന്റിനു കീഴിലുള്ള മതിയായ എണ്ണം കുട്ടികളുള്ള മറ്റൊരു സ്കൂളിലും ഒഴിവില്ലെന്ന സത്യപ്രസ്താവന മാനേജറിൽ നിന്നും ലഭ്യമാക്കി 05/11/2024-ലെ ജി.ഒ.(എം.എസ്) നം.133/2024/പൊവിവ ഉത്തരവിന്റെ ആനുകൂല്യം നൽകി നിയമനാംഗീകാരംനല്കാവുന്നതാണെന്നു സർക്കാർ വിലയിരുത്തി

6. മേൽ സാഹചര്യത്തിൽ ശ്രീമതി ബിന്ദു കെ.ജോയി റഗുലർ തസ്തികയിൽ തുടർന്നുവരവേ തസ്തികനഷ്ടം സംഭവിച്ചെങ്കിലും 1:40 അനുപാതത്തിൽ 14/07/2022 വരെ എച്ച്.എസ്.റ്റി. (ഗണിതം) തസ്തികയിൽ തുടരുകയും തുടർന്ന് 15/7/2022 മുതൽ മതിയായ എണ്ണം കുട്ടികളില്ലാത്ത ചായലോട് സെന്റ് ജോർജ് ആശ്രമം സ്കൂളിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുള്ളതിനാലും മാനേജ്മെന്റിനു കീഴിലുള്ള മതിയായ എണ്ണം കുട്ടികളുള്ള മറ്റൊരു സ്കൂളിലും ഒഴിവില്ലെന്ന സത്യപ്രസ്താവന മാനേജറിൽ നിന്നും ലഭ്യമാക്കി 05/11/2024-ലെ ജി.ഒ.(എം.എസ്) നം.133/2024/പൊവിവ ഉത്തരവിന്റെ ആനുകൂല്യം നൽകി നിയമനാംഗീകാരം നൽകുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, എം.എം.സി. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾസ്, കത്തോലിക്കേറ്റ് അരമന, ദേവലോകം പി.ഒ., കോട്ടയം-38
പ്രധാനാദ്ധ്യാപകൻ, സെന്റ് ജോർജ് ആശ്രമം എച്ച്.എസ്., ചായലോട്, അടൂർ, പത്തനംതിട്ട.
ശ്രീമതി ബിന്ദു കെ. ജോയി, എച്ച്.എസ്.റ്റി. (ഗണിതം), സെന്റ് ജോർജ്ജ് ആശ്രമം എച്ച്.എസ്. ചായലോട്, അടൂർ, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/31/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Sindhu.s
Date: 17-06-2025 12:33:42

സെക്ഷൻ ഓഫീസർ